# പൗരാവകാശ ജനകീയസംഘടന സംസ്ഥാനകമ്മറ്റി അധ്യക്ഷനായ അഡ്വ: പി.എ. പൗരൻ സുപ്രീം കോടതി മോണിറ്ററിങ്ങ് സമിതി അംഗം ഡോ. ക്ലോഡ് അൽവാരിസിന് 15-12-2004 ന് അയച്ച കത്ത്

പ്രിയപ്പെട്ട ഡോ. ക്ലോഡ് അൽവാരിസ്,

അങ്ങയുടെ 6-12-2004 കത്ത് കൈപ്പറ്റി. ഇത് സംബന്ധിച്ച് ഞങ്ങൾക്ക് ബോധിപ്പിക്കാനുള്ളത് രേഖപ്പെടുത്തട്ടെ.

സുപ്രീം കോടതി മോണിറ്ററിങ്ങ് സമിതിയുടെ നിർദ്ദേശ ത്താൽ 14-9-2004 ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അവരുടെ പാലക്കാട് ജില്ലാ ഓഫീസിലെ പരിസ്ഥിതി എഞ്ചിനീയർ ശ്രീമതി. ജയശ്രീ സി.വി. യെ ചെയർ പേഴ്സനാക്കിയും താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിയും ഒരു പ്രാദേശിക പാരിസ്ഥിതിക സമിതി രൂപീകരിച്ചിരുന്നു.

1) അഡ്വ: പി.എ. പൗരൻ, പ്രസിഡണ്ട്, കേരളീയ സംസ്ഥാന പൗരാവകാശ ജനകീയ സംഘടന

2) ശ്രീ. വിളയോടി വേണുഗോപാൽ, ജനറൽ സെക്രട്ടറി, കേരള സംസ്ഥാന പൗരാവകാശ ജനകീയ സംഘടന

3) ശ്രീ. എൻ. ജനാർദ്ദനൻ, പ്ലാന്റ് മാനേജർ, ഹിന്ദുസ്ഥാൻ കൊക്കകോള ബീവറേജസ്, പ്ലാച്ചിമട

4) ശ്രീ. കൃഷ്ണകുമാർ വാരിയർ, എച്ച്.ആർ.ഡി. മാനേജർ, ഹിന്ദുസ്ഥാൻ കൊക്കകോള ബീവറേജസ്, പ്ലാച്ചിമട

5) ശ്രീ. ടി.എ. തങ്കപ്പൻ, അസി. എക്സി. എഞ്ചിനീയർ, മലിനീകരണ നിയന്ത്രണബോർഡ്, ജില്ലാ ഓഫീസ്, പാലക്കാട്

പാരിസ്ഥിതിക സമിതിയുടെ തീരുമാനങ്ങളിൽ കണക്കിലെടുക്കേണ്ട വ്യവസ്ഥകൾ ഇവയായിരുന്നു.

*1) കൊക്കകോള കമ്പനിയുടെ മലിനീകരണം മൂലം കുടിവെള്ള ലഭ്യത നഷ്ടപ്പെട്ട, ജലവിതരണം നടത്തേണ്ടവരുടെ പട്ടിക തയ്യാറാക്കുക.*

*2) മലിനീകരണത്തിന് വിധേയരായവർക്ക് യഥാസമയം കൊക്കകോള കമ്പനി പൈപ്പിലൂടെ ജലവിതരണം നടത്തുന്നുണ്ടോ എന്നുറപ്പ് വരുത്തുക.*

*3) മലിനീകരണത്തിന് വിധേയരായ തദ്ദേശീയരുടെ പേരും വിലാസവും ഉൾപ്പെടുത്തി തയ്യാറാക്കിയ റിപ്പോർട്ട് 2004 ഒക്ടോബർ 10 നകം സമർപ്പിക്കുക.*

*4) കൊക്കകോള കമ്പനിയുടെ പാരിസ്ഥിതിക ആഡിറ്റ് സംഘടിപ്പിക്കുക.*

*5) കമ്പനി പരിസരപ്രദേശങ്ങളിൽ തള്ളിയ മാലിന്യങ്ങൾ എടുത്തുമാറ്റി എന്നുറപ്പ് വരുത്തുക.*

പ്രാദേശിക പരിസ്ഥിതി സമിതിയുടെ ആദ്യയോഗം 30-9-2004 ന് ചേരുകയും സുപ്രധാന തീരുമാനങ്ങൾ കൈകൊള്ളുകയും ചെയ്തു.

ജലവിതരണം ആവശ്യമായവരുടെ വിവരങ്ങൾ ലഭിക്കാനായി ഒരു പത്രക്കുറിപ്പ് തയ്യാറാക്കി. മലനീകരണത്തിന് വിധേയരായ കമ്പനിയുടെ ഒന്നര കിലോമീറ്റർ ചുറ്റളവിലുള്ളവർക്ക് വിതരണം ചെയ്യാനായി നിശ്ചിത മാതൃകയിൽ ചോദ്യാവലി തയ്യാറാക്കി. വളരെ വിശദവും ശാസ്ത്രീയവുമായ ഒരു പാരിസ്ഥിതിക ആഡിറ്റ് കമ്പനിയിൽ നടത്താനായി ഈ മേഖലയിൽ വിദഗ്ധരെ ചുമതലപ്പെടുത്തുവാൻ ശുപാർശ ചെയ്തു. പ്രാദേശിക പാരിസ്ഥിതി സമിതിയിൽ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ ഒരംഗത്തെയോ വിജയ നഗരം വാർഡ് മെമ്പറായോ ഉൾപ്പെടുത്തണമെന്ന് ശ്രീ. വിളയോടി വേണുഗോപാലും അഡ്വ: പി.എ. പൗരനും യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം സംസ്ഥാന മലിനീകരണ ബോർഡിന്റെ തീരുമാനത്തിന് വിട്ടു.

യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത മാതൃകയിലുള്ള ചോദ്യാവലി തയ്യാറാക്കി വിതരണം ചെയ്തു. 7-10-2004 ന് കമ്പനിയുടെ പ്രധാന കവാടത്തിൽ വെച്ച് ശേഖരിച്ച നൂറ് കണക്കിന് അപേക്ഷകൾ തരംതിരിച്ച് പരിശോധിച്ചു. 7-10-2004 ന് ചേർന്ന പരിസ്ഥിതി സമിതി യോഗം 9-10-2004 ന് ഫാക്ടറിക്ക് സമീപമുള്ള വീടുകളിൽ ഒരു സംയുക്ത പരിശോധന നടത്താൻ തീരുമാനിച്ചു. എന്നാൽ കമ്പനി പ്രതിനിധികൾ പ്രസ്തുത പരിശോധനയിൽ നിന്ന് ബോധപൂർവ്വം വിട്ടുനിന്നു.

തുടർന്ന് 14-10-2004 ന് ചേർന്ന സമിതിയോഗം പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ 8, 9 വാർഡുകളിലെ 341 പേരുടെ അപേക്ഷകൾ അംഗീകരിക്കുകയും കമ്പനിയിൽ വിവിധ വകുപ്പുകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ബാഹ്യ ഏജൻസിയെ ഉപയോഗിച്ച് ഒരു പാരിസ്ഥിതിക ആഡിറ്റ് സംഘടിപ്പിക്കാൻ ശുപാർശയും ചെയ്തു.

പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന്റെ 29-10-2004 ലെ ഉത്തരവിൽ 341 അപേക്ഷകർക്കും പൈപ്പിലൂടെ ജലവിതരണം നടത്താൻ കൊക്കകോള അധികൃതരോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ പരിസരങ്ങളിലെ ഭൂഗർഭജലം മലിനമാക്കി പ്രാദേശികവാസികളുടെ കുടിവെള്ളം മുട്ടിച്ച കമ്പനി അധികൃതർ ഈ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ തയ്യാറായില്ല.

കമ്പനി അധികൃതർ ഇപ്പോൾ ഉന്നയിക്കുന്ന വാദങ്ങൾ വളരെ ആസൂത്രിതമായി തങ്ങളുടെ എല്ലാ ബാധ്യതകളിൽനിന്നും ഉത്തരവാദിത്വങ്ങളിൽനിന്നും ഒളിച്ചോടി പാവപ്പെട്ട ജനങ്ങളെ വീണ്ടും കബളിപ്പിക്കാനുള്ള ഗൂഢ ശ്രമമാണെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. കമ്പനി അധികൃതരുടെ വാദങ്ങൾ അപ്പാടെ നിരസിക്കണമെന്നും പ്രദേശവാസികൾക്ക് കുടിവെള്ളമെങ്കിലും എത്തിക്കാൻ കമ്പനി അധികൃതരോട് നിർദ്ദേശിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആത്മാർത്ഥതയോടെ,

**പി.എ. പൗരൻ**

(വിവ : എൻ. ചന്ദ്രൻ)

**അടുത്ത ലക്കത്തിൽ വായിക്കുക**
**ഡോ. സതീഷ് ചന്ദ്രൻ നായർ**

കേരളത്തിലെന്നല്ല ദക്ഷിണേന്ത്യയിൽ തന്നെ കാടുകളെക്കുറിച്ചും പുഴകളെക്കുറിച്ചും ആധികാരികമായി ആഴത്തിൽ അറിവും അനുഭവവുമുള്ള ഡോ. സതീഷ് ചന്ദ്രൻ നായർ പരിസ്ഥിതി വിദ്യാഭ്യാസ മേഖലയിലുള്ളവർക്ക് പ്രസിദ്ധനാണ്. പ്ലാച്ചിമടയിലെ കോള കമ്പനി ഉണ്ടാക്കുന്ന അപകടങ്ങളെക്കുറിച്ച് ആദ്യം പുറത്തുവന്ന പഠനങ്ങളിലൊന്ന് 'ഇൻടാക്കി'ന്റെ ദക്ഷിണേന്ത്യൻ മേഖല ഡയറക്ടറായിരുന്ന ഡോ. സതീഷിന്റേതായിരുന്നു. മലിനീകരണം, വെള്ളം, പരിസ്ഥിതി, നിലനില്പ്, സമരം, നീതി, ഭാവി തുടങ്ങിയവ സംബന്ധിച്ച് അദ്ദേഹം സംസാരിച്ചതിൽ നിന്ന് തയ്യാറാക്കിയത്. പ്രതീക്ഷിക്കുക.